**15 -ാം കേരള നിയമസഭ**

**12 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 65** | **09-10-2024 - ൽ മറുപടിയ്ക്ക്**

**മനുഷ്യ-വന്യജീവി സംഘർഷങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ടി. സിദ്ദിഖ്,<br>ശ്രീ. സണ്ണി ജോസഫ് ,<br>ഡോ. മാത്യു കുഴൽനാടൻ,<br>ശ്രീ. സനീഷ്കുമാർ ജോസഫ് | | ശ്രീ. എ. കെ. ശശീന്ദ്രൻ<br>(വനം-വന്യജീവി വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് മനുഷ്യ-വന്യജീവി സംഘർഷങ്ങൾ നിരന്തരം ആവർത്തിക്കപ്പെടുന്നത് ഗൗരവത്തോടെ കാണുന്നുണ്ടോ; പ്രസ്തുത സംഘർഷങ്ങൾ ഒഴിവാക്കുന്നതിന് ഫലപ്രദമായ നടപടി സ്വീകരിക്കാത്തതിന്റെ കാരണം വ്യക്തമാക്കുമോ; | (എ) | ഗൗരവത്തോടെയാണ് കാണുന്നുണ്ട്<br><br>സംസ്ഥാനത്തെ മനുഷ്യ-വന്യമൃഗ സംഘർഷം ലഘൂകരിക്കുന്നതിന് ഫലപ്രദമായ എല്ലാ നടപടികളും വനം വകുപ്പും സർക്കാരും സ്വീകരിച്ചു വരുന്നുണ്ട്. ഇതുമായി ബന്ധപ്പെട്ട് സ്വീകരിച്ച നടപടികൾ അനുബന്ധമായി ചേർക്കുന്നു. |
| (ബി) | മനുഷ്യ-വന്യജീവി സംഘർഷങ്ങളിൽ പരിക്കേറ്റവർക്കും മരണപ്പെട്ടവരുടെ കുടുംബങ്ങൾക്കും നഷ്ടപരിഹാരം അനുവദിക്കുന്നതിനുള്ള നടപടിക്രമങ്ങൾ ലഘൂകരിക്കുന്നതിനും വനാതിർത്തിയിലെ ജനവാസ മേഖലയിലുള്ളവർക്ക് പ്രത്യേക ഇൻഷുറൻസ് പരിരക്ഷ ഏർപ്പെടുത്തുന്നതിനും നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ; | (ബി) | മനുഷ്യ-വന്യജീവി സംഘർഷങ്ങളിൽ പരിക്കേറ്റ-വർക്കും മരണപ്പെട്ടവരുടെ കുടുംബങ്ങൾക്കും നഷ്ടപരി-ഹാരം അനുവദിക്കുന്നതിനുള്ള നടപടിക്രമങ്ങൾ ലഘൂകരിക്കുന്നതിനായി അപേക്ഷകൾ ഇ-ഡിസ്ട്രിക്ട് പോർട്ടൽ മുഖേന സമർപ്പിക്കുന്നതിനുള്ള സൗകര്യം ഏർപ്പെടുത്തിയിട്ടുണ്ട്. വന്യജീവികൾ മൂലം പരിക്കേൽക്കുന്നവർക്ക് ചികിത്സാർത്ഥം ചെലവായ തുക അനുവദിച്ചിരുന്നത് കേരള സർക്കാർ സർവ്വീസിലെ സിവിൽ സർജൻ റാങ്കിൽ കുറയാത്ത മെഡിക്കൽ ഓഫീസർ നൽകുന്ന സാക്ഷ്യപത്രത്തിന്റെ അടിസ്ഥാനത്തിലായിരുന്നു. സർക്കാർ ഉത്തരവ് (കൈ) നം.16/2023/വനം തീയതി 12.06.2023 പ്രകാരം അപേക്ഷകന്റെ രണ്ട് ലക്ഷം രൂപ വരെയുള്ള ചികിത്സാ ചെലവുകൾ പരിക്ക് പറ്റിയ വ്യക്തിയെ ചികിത്സിച്ച രജിസ്റ്റേർഡ് മെഡിക്കൽ പ്രാക്ടീഷണർ അല്ലെങ്കിൽ കേരള സർക്കാർ സർവ്വീസിലെ മെഡിക്കൽ ഓഫീസർ സാക്ഷ്യപ്പെടുത്തുകയും രണ്ട് ലക്ഷം രൂപയ്ക്ക് മുകളിലുള്ള ചികിത്സാചെലവ് നിർദ്ദിഷ്ട ആവശ്യത്തിനായി നിയോഗിക്കപ്പെട്ട കേരള സർക്കാർ സർവ്വീസിലെ മെഡിക്കൽ ഓഫീസർ സാക്ഷ്യപ്പെടുത്തുകയും വേണം എന്ന് വ്യവസ്ഥ ചെയ്ത് ലഘൂകരിച്ചിട്ടുണ്ട്. മനുഷ്യ-വന്യജീവി സംഘർഷത്തിൽ മരണപ്പെട്ടവരുടെ ആശ്രിതർക്ക് 1980 ലെ 'കേരള റൂൾസ് ഫോർ |

| | | | |
|---|---|---|---|
| | | | പേയ്മെൻറ് ഓഫ് കോമ്പൻസേഷൻ റ്റു വിക്റ്റിംസ് ഓഫ് അറ്റാക്ക് ബൈ വൈൽഡ് ആനിമൽസ്" ചട്ടങ്ങളുടെ അടിസ്ഥാനത്തിൽ കാലാകാലങ്ങളിൽ സർക്കാർ പുറപ്പെടുവിക്കുന്ന ഉത്തരവുകളനുസരിച്ച് നഷ്ടപരിഹാരം അനുവദിച്ച് വരുന്നു. കൂടാതെ സർക്കാർ ഉത്തരവ് GO(Ms) No. 12/95/F&WLD തീയതി 14-03-1995 പ്രകാരം 01-04-1995 മുതൽ കേരളത്തിലെ വനത്തിനുള്ളിലും വനാതിർത്തികളിലും താമസിക്കുന്ന പട്ടികജാതി/ പട്ടികവർഗ്ഗ വിഭാഗക്കാർക്കും വനത്തിനോടു ചേർന്ന് താമസിക്കുന്ന ഇതര വിഭാഗക്കാർക്കുമായി "Personal Accident Insurance Scheme for SC/ST & other living in and around to the forests" എന്ന പേരിൽ ഒരു ഇൻഷുറൻസ് പദ്ധതി വനം വകുപ്പ് നടപ്പാക്കി വരുന്നു. |
| (സി) | വനാതിർത്തിക്കടുത്ത് ജനവാസമേഖലയിൽ എത്തുന്ന വന്യമൃഗങ്ങളുടെ പുനരധിവാസത്തിനായി പ്രത്യേക കർമ്മപദ്ധതി ആവിഷ്കരിച്ച് നടപ്പാക്കുമോ; വിശദാംശം ലഭ്യമാക്കുമോ? | (സി) | ജനവാസമേഖലയിൽ എത്തുന്ന വന്യമൃഗങ്ങളെ ഉടനടി തിരികെ കാട്ടിലേക്ക് തുരത്തുവാൻ പ്രത്യേക വാച്ചർമാരുടെ സേവനവും റാപിഡ് റെസ്പോൺസ് ടീമിന്റെ സേവനവും ലഭ്യമാക്കിവരുന്നു. പരിക്കോ മറ്റ് അസുഖങ്ങൾ കാരണമോ അവശരായിട്ടുള്ള മൃഗങ്ങ-ളുടെ കാര്യത്തിലും ഫോറസ്റ്റ് വെറ്ററിനറി ഓഫീസറുടെ നേതൃത്വത്തിലും നിർദ്ദേശത്തിലും മതിയായ ചികിത്സ ഉറപ്പ് വരുത്താറുണ്ട്. ആവശ്യമെങ്കിൽ ഇത്തരം മൃഗങ്ങളെ സുരക്ഷിതമായി പിടികൂടി വിദഗ്ദ്ധ ചികിത്സാ സൗകര്യമുള്ളയിടങ്ങളിൽ എത്തിച്ച് പരിചരിച്ച് ആരോഗ്യം വീണ്ടെടുക്കുമ്പോൾ അനുയോജ്യമായ ആവാസ വ്യവസ്ഥയിലേക്ക് തിരികെ വിടാറുണ്ട്. ജനവാസമേഖലകളിൽ സംഘർഷ സാഹചര്യങ്ങളിൽ റെസ്ക്യൂ ചെയ്യപ്പെടുന്ന വന്യജീവികളുടെ ചികിത്സയ്ക്കും പുനഃരധിവാസത്തിനുമായി വിവിധ സംവിധാനങ്ങൾ കോട്ടൂർ ആനത്താവളം, പുത്തൂർ സുവോളജിക്കൽ പാർക്ക്, മുത്തങ്ങ ആനിമൽ ഹോസ്പൈസ് സെന്റർ തുടങ്ങിയ ഇടങ്ങളിൽ ഏർപ്പെടുത്തിയിട്ടുണ്ട്. അപകട-കാരികളോ പരിക്ക് പറ്റിയതോ ആയ മൃഗങ്ങളെ ആവശ്യമെങ്കിൽ ചീഫ് വൈൽഡ് ലൈഫ് വാർഡന്റെ അനുമതിയോടെ കൂട് വച്ച് പിടിക്കുകയോ അതിനു സാധിക്കാത്ത പക്ഷം മയക്കുവെടിവെച്ച് പിടിക്കുകയോ ചെയ്ത്, ആരോഗ്യസ്ഥിതി പരിശോധിച്ച് ചികിത്സ നൽകി അനുയോജ്യമായ ആവാസ വ്യവസ്ഥയി-ലേക്ക് തിരികെ വിടാറുമുണ്ട്. |

സെക്ഷൻ ഓഫീസർ

**അനുബന്ധം**

## മനുഷ്യ-വന്യമൃഗ സംഘർഷ ലഘൂകരിക്കുന്നതിന് സർക്കാരും വനം വകുപ്പും സ്വീകരിച്ച നടപടികൾ

മനുഷ്യ-വന്യമൃഗ സംഘർഷ ലഘൂകരണത്തിന് സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റിയുടെയും മറ്റ് വിവിധ സർക്കാർ വകുപ്പുകളുടെയും പങ്കാളിത്തം ഉറപ്പാക്കുന്നതിനായി മനുഷ്യ-വന്യമൃഗ സംഘർഷം സംസ്ഥാന സവിശേഷ ദുരന്തമായി പ്രഖ്യാപിച്ചു കൊണ്ട് സർക്കാർ പുറപ്പെടുവിച്ച GO(MS) 04/24 DMD dated 07-03-2024 നമ്പർ ഉത്തരവിന്റെ വെളിച്ചത്തിൽ വനം വകുപ്പ് ആസ്ഥാനത്ത് State Emergency Operation Centre (SEOC)-ഉം ഡിവിഷൻ തലത്തിൽ Division Emergency Operation Centre (DEOC) കളും പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. വനം വകുപ്പാസ്ഥാനത്ത് 24 മണിക്കൂറും പ്രവർത്തിക്കുന്ന ഒരു കൺട്രോൾ റൂം പ്രവർത്തിച്ചുവരുന്നു.

ജനവാസമേഖലകളിലും വിനോദസഞ്ചാര മേഖലകളിലും അപകട മുന്നറിയിപ്പ് നൽകുന്നതിനായി ബോർഡുകൾ സ്ഥാപിച്ചിട്ടുള്ളതാണ്. രാത്രികാല പട്രോളിംഗ് ശക്തിപ്പെടുത്തിയും നാട്ടിലിറങ്ങുന്ന മൃഗങ്ങളെ സുരക്ഷിതമായി കാട്ടിലേക്ക് തിരികെ വിടുന്നതിന് ആർ.ആർ.റ്റി.കളെ നിയോഗിച്ചും മുൻകരുതലുകൾ സ്വീകരിക്കുന്നുണ്ട്. വന്യമൃഗങ്ങൾക്ക് വനത്തിനകത്ത് ജലലഭ്യത ഉറപ്പുവരുത്തുന്നതിന് വനത്തിനകത്ത് കുളങ്ങൾ, തടയണകൾ, വയൽ എന്നിവ നിർമ്മിക്കുകയും പരിപാലിക്കുകയും ചെയ്തു വരുന്നുണ്ട്. വനാതിർത്തികളിൽ സൗരോർജ്ജ വേലികൾ, സൗരോർജ്ജ തൂക്കുവേലികൾ, ആനക്കിടങ്ങുകൾ, ആനപ്രതിരോധ മതിലുകൾ, ജൈവ വേലികൾ എന്നിവ നിർമ്മിച്ച് പരിപാലിച്ചു വരുന്നു. വന്യമൃഗ സാന്നിധ്യത്തെക്കുറിച്ച് എസ്.എം.എസ്. സിസ്റ്റം വഴി ജാഗ്രതാ നിർദ്ദേശം നൽകി അപകട സാദ്ധ്യത ഒഴിവാക്കുന്നുണ്ട്. തദ്ദേശ-സ്വയംഭരണ സ്ഥാപന പ്രതിനിധികൾ, ഗ്രാമപഞ്ചായത്ത്/മുനിസിപ്പാലിറ്റി പരിധിയിൽ വരുന്ന വനമേഖലയുടെ ചാർജ്ജുള്ള റെയിഞ്ച് ഫോറസ്റ്റ് ഓഫീസർ/ഡെപ്യൂട്ടി റെയിഞ്ച് ഓഫീസർ, ടി മേഖലയിലെ ജില്ലാ പഞ്ചായത്ത് മെമ്പർ, ബ്ലോക്ക് പഞ്ചായത്ത് മെമ്പർ, ബന്ധപ്പെട്ട മറ്റു വകുപ്പുകളുടെ പ്രതിനിധികൾ, VSS/EDC പ്രതിനിധികൾ, കർഷകർ ഉൾപ്പെടെയുള്ള പൊതുജനങ്ങൾ എന്നിവരടങ്ങുന്ന ജനജാഗ്രതാ സമിതികൾ രൂപീകരിച്ചു പ്രവർത്തിച്ചു വരുന്നുണ്ട്. ജനവാസ മേഖലയോടു ചേർന്നുള്ള പ്രദേശങ്ങളിൽ അടിക്കാടുകൾ വെട്ടിമാറ്റി (വിസ്ത ക്ലിയറൻസ്) സഞ്ചാരപാത വ്യക്തമാക്കാനുള്ള നടപടികളും സ്വീകരിച്ചിട്ടുണ്ട്. ജനവാസമേഖലയിലേക്ക് പ്രവേശിക്കുന്ന കാട്ടാനകളെ ശബ്ദവും വെളിച്ചവും ഉണ്ടാക്കി കാട്ടിലേക്ക് തിരികെ വിടുന്നതിന് ആധുനിക അനിഡേഴ്സ് അലാറം സിസ്റ്റം പ്രയോജനപ്പെടുത്തിവരുന്നു. മനുഷ്യ-വന്യമൃഗ സംഘർഷം ഉണ്ടാകുന്ന മേഖലകളിൽ നബാർഡ് - ആർ.ഡി.എഫ്., തുടങ്ങിയ പദ്ധതികളിൽ ഉൾപ്പെടുത്തി സൗരോർജ്ജ വേലികൾ, സൗരോർജ്ജ തൂക്കുവേലികൾ, ആനക്കിടങ്ങുകൾ എന്നിവ കൂടുതൽ നിർമിക്കുന്നതിനുള്ള നടപടി സ്വീകരിച്ചു വരുന്നു.

വന്യജീവികൾ മൂലം പരിക്കേൽക്കുന്നവർക്ക് ചികിത്സാർത്ഥം ചെലവായ തുക അനുവദിച്ചിരുന്നത് കേരള സർക്കാർ സർവ്വീസിലെ സിവിൽ സർജൻ റാങ്കിൽ കുറയാത്ത മെഡിക്കൽ ഓഫീസർ നൽകുന്ന സാക്ഷ്യപത്രത്തിന്റെ അടിസ്ഥാനത്തിലായിരുന്നു. സർക്കാർ ഉത്തരവ് (കൈ) നം.16/2023/വനം തീയതി 12.06.2023 പ്രകാരം അപേക്ഷകന്റെ രണ്ട് ലക്ഷം രൂപ വരെയുള്ള ചികിത്സാ ചെലവുകൾ പരിക്ക് പറ്റിയ വ്യക്തിയെ ചികിത്സിച്ച രജിസ്റ്റേർഡ് മെഡിക്കൽ പ്രാക്ടീഷണർ

അല്ലെങ്കിൽ കേരള സർക്കാർ സർവ്വീസിലെ മെഡിക്കൽ ഓഫീസർ സാക്ഷ്യപ്പെടുത്തുകയും രണ്ട് ലക്ഷം രൂപയ്ക്ക് മുകളിലുള്ള ചികിത്സാചെലവ് നിർദ്ദിഷ്ട ആവശ്യത്തിനായി നിയോഗിക്കപ്പെട്ട കേരള സർക്കാർ സർവ്വീസിലെ മെഡിക്കൽ ഓഫീസർ സാക്ഷ്യപ്പെടുത്തുകയും വേണം എന്ന് വ്യവസ്ഥ ചെയ്ത് ലഘൂകരിച്ചിട്ടുണ്ട്.

പാമ്പുകൾ മൂലമുള്ള അപകടം ഒഴിവാക്കുന്നതിന് സർപ്പ എന്ന മൊബൈൽ ആപ്ലിക്കേഷനും സർപ്പയിൽ നിന്നും ലഭിക്കുന്ന റിപ്പോർട്ടുകൾ അടിസ്ഥാനമാക്കി ഉടനടി സ്ഥലത്തെത്തി അപകടസാദ്ധ്യത ഒഴിവാക്കുന്നതിന് പരിശീലനം ലഭിച്ച സന്നദ്ധ സേവകരുടെ സംഘവും നിലവിലുണ്ട്.

ആധുനിക സാങ്കേതിക വിദ്യയിലധിഷ്ഠിതമായ ഡിജിറ്റൽ (സെൻസർ) വാളുകൾ, ക്യാമറ ട്രാപ്പ്, ആനിമൽ ഇൻട്രൂഷൻ അലർട്ട് സിസ്റ്റം തുടങ്ങിയവയും മനുഷ്യ-വന്യമൃഗ സംഘർഷം ലഘൂകരിക്കുന്നതിന് ഉപയോഗപ്പെടുത്തിവരുന്നു. വന്യമൃഗങ്ങളെ കൂടുതൽ കാര്യക്ഷമമായി നിരീക്ഷിക്കുവാൻ ഡ്രോണുകളും ഉപയോഗിച്ചുവരുന്നു. എ.ഐ. സാങ്കേതിക വിദ്യയിലധിഷ്ഠിതമായ സ്മാർട്ട് ഫെൻസ് പരീക്ഷണാടിസ്ഥാനത്തിൽ സൗത്ത് വയനാട് ഡിവിഷനിലെ ചേരക്കൊല്ലി ഭാഗത്ത് സ്ഥാപിച്ചുവരുന്നു.

സ്വാഭാവിക വനങ്ങളുടെ പുനഃസ്ഥാപനം സംബന്ധിച്ച് സർക്കാർ ഉത്തരവ് (കൈ) നം. 29/2021/വനം തീയതി 17/12/2021 പ്രകാരം നയരേഖ അംഗീകരിച്ച് പുറപ്പെടുവിച്ചിട്ടുള്ളതാണ്. ആയത് പ്രകാരം കേരള വനം വകുപ്പിന്റെ അധീനതയിലുള്ള ശുഷ്കമായതും നാശോന്മുഖമായതുമായ വനപ്രദേശങ്ങളിൽ പാരിസ്ഥിതിക പുനഃസ്ഥാപനം ഉറപ്പ വരുത്തുന്നതിന് മേൽ നയരേഖ ലക്ഷ്യമിടുന്നു. പരിസ്ഥിതിക്കും ആവാസവ്യവസ്ഥയ്ക്കും ദോഷകരമായതും കാലികപ്രാധാന്യം നഷ്ടപ്പെട്ടതുമായ യൂക്കാലിപ്റ്റസ്, അക്കേഷ്യ ഓറിക്കിലിഫോർമിസ്, അക്കേഷ്യ, മാഞ്ചിയം തുടങ്ങിയ വിദേശയിനം ഏകവിള തോട്ടങ്ങളും, പരാജിത തേക്ക് തോട്ടങ്ങളും സെന്ന, വാറ്റിൽ പോലുള്ള അധിനിവേശ സസ്യങ്ങളും ഘട്ടംഘട്ടമായി നീക്കം ചെയ്ത് തദ്ദേശീയ ഇനത്തിൽപ്പെട്ട മരങ്ങളും ഫലവൃക്ഷങ്ങളും നട്ടു പിടിപ്പിക്കുകയും അതുവഴി വനങ്ങളുടെ സ്വാഭാവികത പുനഃസ്ഥാപിക്കുന്നതിനും ലക്ഷ്യമിടുന്നു. മേൽ പദ്ധതികൾ വഴി മനുഷ്യ-വന്യജീവി സംഘർഷവും ഒരു പരിധിവരെ ലഘൂകരിക്കാനാവുമെന്ന് കരുതുന്നു. ഇതിന്റെ ഭാഗമായി 2024 ജൂൺ വരെ 1346.54 ഹെക്ടർ പ്രദേശത്ത് പരിസ്ഥിതി പുനഃസ്ഥാപന പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുള്ളതും 5585.57 ഹെക്ടർ പ്രദേശത്ത് പരിസ്ഥിതി പുനഃസ്ഥാപന പ്രവൃത്തികൾ പുരോഗമിച്ച് വരുന്നു.

മനുഷ്യ-വന്യജീവി സംഘർഷം ഒഴിവാക്കുന്നതിന്റെ ഭാഗമായി വനം വകുപ്പ് സംസ്ഥാനത്ത് നടപ്പിലാക്കി വരുന്ന സ്വയം സന്നദ്ധ പുനരധിവാസ പദ്ധതിയായ നവകിരണം പദ്ധതി പ്രകാരം 783 അർഹതപ്പെട്ട കുടുംബങ്ങൾക്ക് പാക്കേജ് പ്രകാരമുള്ള തുക നൽകി വനാന്തരങ്ങളിൽ നിന്ന് മാറിപ്പോകുവാനുള്ള സാഹചര്യം ഒരുക്കിയിട്ടുണ്ട്. ടി 783 അർഹത കുടുംബങ്ങളിൽ, 601 അർഹതപ്പെട്ട കുടുംബങ്ങൾക്ക് പദ്ധതി തുക പൂർണ്ണമായും നൽകുകയും (യൂണിറ്റ് ഒന്നിന് 15 ലക്ഷം രൂപ നിരക്കിൽ) 182 അർഹതപ്പെട്ട കുടുംബങ്ങൾക്ക് ആദ്യ ഗഡുവായ 7.5 ലക്ഷം വീതം ഇതിനകം നൽകിയിട്ടുള്ളതാണ്. ഇപ്രകാരം നവകിരണം സ്വയം സന്നദ്ധ പുനരധിവാസ പദ്ധതിയിലൂടെ 103.8 കോടി രൂപ (റിബിൽഡ് കേരള ഡെവലപ്പ്മെന്റ് പദ്ധതി മുഖേന 79.575 കോടിയും, കിഫ്ബി ഫേസ് II പദ്ധതി മുഖേന 24.225 കോടിയും) കുടുംബങ്ങൾക്ക് നൽകിയുട്ടുള്ളതാണ്.

മനുഷ്യ-വന്യമൃഗ സംഘർഷം ലഘൂകരണത്തിനായി കിഫ്ബി മുഖേന 110 കോടി രൂപയുടെ ഭരണാനുമതി ലഭ്യമായിട്ടുണ്ട്. ടി തുക വനത്തിനകത്ത് ചെക്ക് ഡാമുകൾ, വാച്ച് ടവറുകൾ എന്നിവ നിർമ്മിക്കുന്നതിനും ജനവാസ മേഖലകളിൽ സൗരോർജ്ജ വിളക്കുകളും ഹൈമാസ്റ്റ് ലൈറ്റുകളും സ്ഥാപിക്കുന്നതിനും നിലവിലുള്ള വന്യജീവി റെസ്ക്യൂ

സെന്ററുകൾ, ഹോസ്പൈസ് എന്നിവിടങ്ങളിൽ മെച്ചപ്പെട്ട സംവിധാനങ്ങൾ ഏർപ്പെടുത്തുന്നതിനും, ഡ്രോണുകളും, തെർമൽ സെൻസർ ഡ്രോണുകളും, AI ക്യാമറകൾ, റേഡിയോ കോളറുകൾ, എന്നി വാങ്ങുന്നതിനും സംസ്ഥാനത്തെ വന്യജീവി സംഘർഷം രൂക്ഷമായ പ്രദേശങ്ങളിൽ പ്രവർത്തിച്ചുവരുന്ന ആർ.ആർ.ടി. കളുടെ പ്രവർത്തനം ശക്തിപ്പെടുത്തുന്നതിനായി തോക്കുകൾ, ട്രാങ്കുലൈസറുകൾ, കൂടുകൾ, നൈറ്റ്‌വിഷൻ ക്യാമറകൾ, ടോർച്ച് ലൈറ്റുകൾ, മൊബൈൽ സ്പീക്കറുകൾ എന്നിവ വാങ്ങുന്നതിനും വനപ്രദേശങ്ങളിൽ നിന്നും സ്വയം സന്നദ്ധ പുനഃരധിവാസ പദ്ധതി മുഖേന മെച്ചപ്പെട്ട വിദൂര സ്ഥലങ്ങളിൽ സ്വയം മാറിപ്പോകുന്നതിന് സഹായധനം വിതരണം ചെയ്യുന്നതിനുമായി വകയിരുത്തിയിട്ടുള്ളതാണ്.

മനുഷ്യ-വന്യമൃഗ സംഘർഷം ലഘൂകരിക്കുന്നതിനുവേണ്ടി അഞ്ച് വർഷ കാലയളവിലേക്ക് 620 കോടിയുടെ ഒരു പദ്ധതി തയ്യാറാക്കി കേന്ദ്രസർക്കാരിന് സമർപ്പിച്ചിട്ടുള്ളത് കേന്ദ്രസർക്കാരിന്റെ പരിഗണനയിലാണ്.

ജനവാസമേഖലകളിൽ സംഘർഷ സാഹചര്യങ്ങളിൽ റെസ്ക്യൂ ചെയ്യപ്പെടുന്ന വന്യജീവികളുടെ ചികിത്സയ്ക്കും പുനഃരധിവാസത്തിനുമായി വിവിധ സംവിധാനങ്ങൾ കോട്ടൂർ ആനത്താവളം, പുത്തൂർ സുവോളജിക്കൽ പാർക്ക് മുത്തങ്ങ ആനിമൽ ഹോസ്പൈസ് സെന്റർ തുടങ്ങിയ ഇടങ്ങളിൽ ഏർപ്പെടുത്തിയിട്ടുണ്ട്.